# ഗവ: എൽ പി എസ്
# മണ്ണാലകം.

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

# "പ്രത്യാശ"

# ആമുഖം.

അക്കാദമിക് മാസ്റ്റർ പ്ലാൻ എന്നാൽ പാഠ്യവിഷയങ്ങൾ മൂല്യാധിഷ്ഠിതമായും ശിശുകേന്ദ്രീകൃതമായും കാലാനുസൃതമായും കുട്ടികളിൽ ബോധ്യപ്പെടുത്തുന്നതിനുള്ള മാർഗ്ഗരേഖയാണ്. പ്ലാനിൽ പഠനവിഷയങ്ങളുടേയും പഠനഫലങ്ങളുടേയും വിശദീകരണവും അധ്യാപനരീതികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

കുട്ടികളുടെ സമഗ്രവികാസമാണ് നാം ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന എന്നീ അക്കാദമിക നേട്ടങ്ങളോടൊപ്പം ശാരീരിക, മാനസിക വൈകാരിക നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളാണ് വിദ്യാഭ്യാസത്തിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഈ അക്കാദമിക വർഷം ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികളാണ് നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നത്.

# പൊതുലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരിക്കാനും, വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പു വരുത്തൽ.
- സ്വതന്ത്ര വായന വികസനം സാധ്യമാക്കൽ
- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്നുറപ്പു വരുത്തുക.
- കുട്ടികളുടെ സർഗപരവും അക്കാദമിക പരവും കായികപരവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് നേട്ടങ്ങൾ രക്ഷിതാക്കളടക്കമുള്ള സമൂഹത്തെ അറിയിക്കൽ
- പാരിസ്ഥിതിക അവബോധം വളർത്തൽ
- IT സാക്ഷരമാക്കൽ

## ഭാഷാ പ്രവർത്തനങ്ങൾ

- സ്വതന്ത്രവായന, സ്വതന്ത്രരചന
- പാട്ടരങ്ങ്
- കാവ്യകേളി
- ഗ്രന്ഥശാല അംഗത്വം
- Readers Theatre
- ജന്മദിന പുസ്തകം / മരം നടീൽ
- അന്വേഷിക്കൂ നേടൂ (പത്രം ഒരു ദിനം)
- ഭാവാത്മക വായന
- ദൃശ്യാവിഷ്കാരങ്ങൾ
- ആകാശവാണി ക്ലബ്ബ്
- TCT സാധ്യത

# മലയാളം.

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണാ സംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|---|
| 1 | ഭാഷാനൈപുണി നേടൽ | മലയാളമധുരം<br>പ്രീ - ടെസ്റ്റ്<br>• അക്ഷരം ഉറപ്പിക്കൽ<br>• ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>• സ്വതന്ത്ര വായന സ്വതന്ത്രരചന | ജൂൺ - മാർച്ച് | SRG | ക്ലാസ്, അസംബ്ലി |
| 2. | കാവ്യോത്സവം. | പാട്ടരങ്ങ്<br>റീഡേഴ്സ് തിയേറ്റർ<br>ഭാവാത്മക വായന | ജൂൺ - മാർച്ച് | SRG, PTA | സ്കൂൾ അസംബ്ലി |
| 3 | ആസ്വാദ്യകരമായ വായന പത്രം ഒരു മിത്രം ശീലിക്കൽ | പത്രം ഒരു മിത്രം:- ഒരാഴ്ചത്തെ പത്ര വാർത്തയെ അടിസ്ഥാനമാക്കി ചോദ്യങ്ങൾ തയ്യാറാക്കുന്നു. Notice Boardൽ പ്രദർശിപ്പിക്കുന്നു<br>- ഉത്തരമെഴുതി ഉത്തരപ്പെട്ടിയിൽ നിക്ഷേപിക്കുന്നു. മൂല്യനിർണയം നടത്തുന്നു.<br>- 2 മാസത്തിലൊരിക്കൽ ക്വിസ് മത്സരം നടത്തി സമ്മാനം നൽകുന്നു. | ജൂൺ - മാർച്ച് | SRG. PTA | Class തലം |

| Sl No | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണാ സംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|---|
| | | ക്ലാസ്സിൽ ഒരു പത്രം (രണ്ടിൽ ഒന്ന്) തയ്യാറാക്കുന്നു. | | | |
| 4. | എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുക. | അറിവകം (വായനോത്സവം):- വായനമൂല ഒരുക്കൽ, കുട്ടികളെ ലൈബ്രറിയുമായി ബന്ധപ്പെടുത്തൽ, സമീപ ഗ്രന്ഥശാല സന്ദർശിക്കൽ, അംഗത്വം | June | SRG | All classes |
| 5. | ജന്മദിനം ആഘോഷമാക്കൽ | ജന്മദിന കലണ്ടർ:- കുട്ടികളുടെ ഓരോ മാസത്തേയും ജന്മദിന കലണ്ടർ തയ്യാറാക്കി ആഘോഷമാക്കൽ (ജന്മദിനപുസ്തകം, [illegible]) | June to March | All Trs & Parents | School Assembly |
| 6 | പുസ്തക ഡയറി തയ്യാറാക്കൽ (പുസ്തകത്തെ അറിയുന്നു) | പുസ്തകത്തിന്റെ പ്രസാധകർ, പേര്, വില, വായിച്ച തീയതി, പേജ്, കുറിപ്പ് ഇവ എഴുതി കൂട്ടൽ കുറിപ്പെഴുതിയ കുട്ടിക്ക് വാർഷികത്തിന് അഭിനന്ദനം. | June to March | All Teachers & Parents | All classes |
| 7 | കവികളെയും കവിതകളെയും പരിചയപ്പെടൽ. | കാവ്യകേളി:- പത്ത് മാസം 10 കവിത പരിചയപ്പെടുന്നു. | June to March | SRG & PTA | CPTA School, Premise. |

# ENGLISH : Objectives

- Reads and adds new events to the story.
- Speak English without fear.
- Acts according to the situation of the poem
- Write and speak without any shy and fear
- Make own sentences.
- Collect and classify.
- Sing rhythmically.

# English

## Activities

* English Club
* Story telling
* Let's speak
* Choreography
* Riddles
* Interactive Section
* Let's Sing
* Picture Album and Glossary

| Sl.No. | Objectives | Activities | Time schedule | Support System | Presentation |
|---|---|---|---|---|---|
| 1. | • Step up English.<br>English Enrichment programme.<br>E cube learning.<br>Make our own sentences | • Story telling.<br>• Let's speak.<br>• Let's sing.<br>• Riddles.<br>• Interactive section | June - March | SRG | Class, assembly |
| 2. | Speak English without fear | • English Club | June to March | SRG | club Meeting & Assembly |
| 3 | Reads and adds new events to the Story. | • Story telling | June to March | SRG | |
| 4 | Acts according to the situation of the Poem. | • Choreography | June to March | SRG | School Assembly |
| 5. | (Picture album) Collect and classify | • Picture Album and Glossary. | June to March | SRG | All classes |
| 6 | Sing Rhythmically | • Let's Sing (ICT) | June to March | SRG | All classes. |

# ഗണിതശാസ്ത്രം

## ലക്ഷ്യങ്ങൾ

* ഗണിത പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും ആർജ്ജിക്കുക.
* കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ
* ചതുഷ്ക്രിയകൾ ലളിതമാക്കൽ
* ഗണിതചിന്ത, വിശകലനശേഷി ഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

## ഗണിതപ്രവർത്തനങ്ങൾ

- ★ ഗണിതമൂല
- ★ ഗണിത ക്ലബ്ബ് (ഗണിതം മധുരം)
- ★ ഗണിതരൂപങ്ങൾ തിരിച്ചറിയൽ
- ★ കണ്ടെത്താം പറയാം
- ★ ഗണിത ക്വിസ്
- ★ കൃഷിയിലും ഗണിതം
- ★ കഥ പറയാം പാട്ടുപാടാം
- ★ അളവുകൾ അറിയാം.
- ★ കമ്പ്യൂട്ടറിലൂടെ പഠിക്കാം
- ★ സ്കൂൾ ബാങ്കിംഗ്.

# ഗണിതം

| Sl No. | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണ സംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|---|
| 1. | കുട്ടികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | • സംഖ്യാബോധം<br>• ജ്യാമിതിയ രൂപങ്ങളുടെ നിർമ്മാണം. | ജൂൺ - ആഗസ്റ്റ് | SRG<br>PTA | ക്ലാസ്-റൂം. |
| 2. | ചതുഷ്ക്രിയകൾ ലളിതമാക്കൽ. | ഗണിത മൂല ഒരുക്കൽ. (ഈർക്കിൽ കെട്ട്, അരവിന്ദ് ഗുപ്ത കാർഡുകൾ, അബാക്കസ്, രൂപങ്ങൾ, മഞ്ചാടിക്കുരു, തീപ്പെട്ടിക്കൂട്) | ജൂൺ - ആഗസ്റ്റ് | SRG. | ക്ലാസ്. |

| Sl. No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയക്രമം | സംവിധാനം | സന്ദർഭം |
|---|---|---|---|---|---|
| 3 | ഗണിത പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും ആർജ്ജിക്കൽ | ഗണിതമൂല : ക്ലാസ് മുറികളിൽ ഗണിതമൂല സജ്ജീകരിക്കുന്നു. പഠനോപകരണങ്ങളും പഠനഉല്പന്നങ്ങളും പ്രദർശിപ്പിക്കുന്നു. | July to March | All Teachers | All classes |
| 4 | ഗണിത ചിന്ത, യുക്തി ചിന്ത, വിശകലനശേഷി ഇവ വികസിപ്പിക്കൽ | ഗണിതം മധുരം:- ഗണിത ക്വിസ് രൂപീകരിച്ച് പരിപാടികൾ ആസൂത്രണം ചെയ്യുന്നു. | July to March | Maths club Convenor | Assembly |
| 5 | ഗണിതത്തിൽ താല്പര്യം വർദ്ധിപ്പിക്കുന്നതിന് | കണ്ടെത്തൂ പറയൂ:- Assembly യിൽ ഗണിത ക്വിസിന്റെ ചോദ്യ ത്തിൽ ആസൂത്രിതമായി അവതരിപ്പി ക്കുന്നു. Notice Board ൽ പ്രദർശിപ്പിക്കുന്നു. ഉത്തരങ്ങൾ Collect ചെയ്ത് ശരിയുത്തരം എഴുതിയവരെ അഭിനന്ദിക്കുന്നു. | July to March | Maths club | Assembly |
| 6 | ഗണിതശേഷി വികസിപ്പിക്കൽ | ഗണിതക്വിസ്: എല്ലാ മാസവും ക്വിസ് നടത്തി സമ്മാനം നൽകുന്നു. | July to March | Maths club | Schl Platform |

| No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണാ സംവിധാനം | അവലോകന സന്ദർഭം |
|---|---|---|---|---|---|
| 7 | പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുന്നു. | സ്കൂൾ ബാങ്കിംഗ്:- ഓരോ ക്ലാസിലെയും എല്ലാ വിദ്യാർത്ഥികളും ചേർന്ന് സമ്പാദ്യ നിക്ഷേപിക്കുന്നതിന് അതാത് ക്ലാസിൽ ഒരു ബാങ്ക് തുടങ്ങുന്നു. മാസത്തിലെ അവസാന വെള്ളിയാഴ്ച ഉച്ചക്ക് ഒരു മണി മുതൽ 2 മണി വരെയാണ് ബാങ്കിംഗ് സമയം. ക്യാഷ് കൗണ്ടർ ഉൾപ്പെടെ ഓരോ കൗണ്ടർ എല്ലാ ക്ലാസിലും സജ്ജമാക്കുന്നു. മാനേജരും അസിസ്റ്റന്റ് മാനേജരും പ്യൂണും ചേർന്നതാണ് ബാങ്ക് ജീവനക്കാർ. ഓരോ മാസവും ജീവനക്കാർ മാറി മാറി വരുകയും എല്ലാവർക്കും ബാങ്കിംഗ് അനുഭവം ലഭിക്കുകയും ചെയ്യുന്നു. പാസ് ബുക്ക് നൽകി സമ്പാദ്യം നിക്ഷേപിച്ചത് പാസ് ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. | July to February | All Teachers & Parents | All classes. |

# ശാസ്ത്രം

## ലക്ഷ്യങ്ങൾ

- x നിരീക്ഷണത്തിലൂടെയും അന്വേഷണത്തിലൂടെയും ചുറ്റുപാടിനെ കുറിച്ച് മനസിലാക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.
- x ലളിതമായ ശാസ്ത്രീയ പരീക്ഷണങ്ങളിലൂടെ കണ്ടെത്തലുകൾ നടത്താൻ പ്രോത്സാഹിപ്പിക്കുക.
- x ശാസ്ത്രപഠനത്തിന് IT സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.
- x പാരിസ്ഥിതിക അവബോധം വളർത്തുക.
- x ശാസ്ത്രചിന്ത, ശാസ്ത്രബോധം, ശാസ്ത്രനൈപുണി ഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
- x ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ശാസ്ത്രപഠനത്തെ പ്രയോജനപ്പെടുത്തുക.

## പ്രവർത്തനങ്ങൾ

1. പ്രകൃതി നടത്തം
2. ശാസ്ത്രക്ലബ്ബ്
3. വീട് ഒരു പരിക്ഷണശാല (ഒന്ന് പരിക്ഷണം)
4. അച്ചടക്കവും ആരോഗ്യവും
5. ശാസ്ത്ര കിറ്റ്
6. ശാസ്ത്ര ചുമർ
7. ശാസ്ത്രോത്സവം
8. പരിക്ഷണമേള
9. ശാസ്ത്രക്വിസ്
10. ശാസ്ത്രപ്രതിഭകൾ - ജീവിതം.
11. നമ്മുടെ തോട്ടം.

# പരിസരപഠനം.

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണ സംവിധാനം | അവതരണ സന്ദർഭം. |
|---|---|---|---|---|---|
| 1. | നിരീക്ഷണത്തിലൂടെയും അന്വേഷണത്തിലൂടെയും ചുറ്റുപാടിനെ കുറിച്ച് മനസ്സിലാക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുക. | പ്രകൃതിയുടെ മടിത്തട്ടിലേക്ക് (പ്രകൃതി നടത്തം) സ്കൂൾ പരിസരം നിരീക്ഷിച്ച് വിവിധ ചെടികൾക്ക് പല തരത്തിലുള്ള ഇലകളാണെന്ന് കണ്ടെത്തി ഇല പ്രിന്റ് ചെയ്ത് ആൽബം തയ്യാറാക്കുന്നു. | June - July. | SRG | Class. |
| 2. | ലളിതമായ ശാസ്ത്രീയ പരീക്ഷണങ്ങളിലൂടെ കണ്ടെത്തലുകൾ നടത്താൻ പ്രോത്സാഹിപ്പിക്കുക.<br>• വീട് പരീക്ഷണശാലയാക്കുന്നു.<br>• കുട്ടിശാസ്ത്രജ്ഞരെ കണ്ടെത്താൻ കഴിയുന്നു. | വീട് ഒരു പരീക്ഷണശാല:- (പരീക്ഷണക്കുറിപ്പ്)<br>[illegible] പരീക്ഷണം. ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ Assembly യിൽ പരീക്ഷണം അവതരിപ്പിക്കുന്നു, പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു വീട്ടിലെ ശാസ്ത്രശാല ഉണ്ടാക്കി പരീക്ഷണങ്ങൾ ചെയ്യുന്നു. അനുഭവം Assembly യിൽ പങ്കുവയ്ക്കുന്നു. | July - August to March | SRG Science club | Class, Assembly |

| Sl No: | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണാ സംവിധാനം | അവതരണ സന്ദർഭം. |
|---|---|---|---|---|---|
| 3 | ശാസ്ത്രാഭിരുചി കണ്ടെത്തുന്നതിന് | ശാസ്ത്ര ക്വിസ്: ആഴ്ചയിൽ ഒരു ദിവസം ക്വിസ് അംഗങ്ങൾ ഒത്തുചേർന്ന് ക്വിസ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ആവിഷ്കരിക്കുകയും ചെയ്യുന്നു. | July to Feb | SRG Science club Convinor | Schl Premise |
| 4. | അച്ചടക്കവും ആരോഗ്യവും കണ്ടെത്തി ഉറപ്പാക്കുന്നതിന് | മുതിർന്ന കുട്ടികൾ ഉൾപ്പെട്ട ടീം ദിവസവും 9.30നും 1.30നും ഓരോ ക്ലാസ് സന്ദർശിച്ച് ശുചീകരണപ്രവർത്തനങ്ങളും ക്ലാസ്സിൽ നടക്കുന്ന പഠനാനുബന്ധ പ്രവർത്തനങ്ങളും നിരീക്ഷിച്ച് സ്കോർ നൽകുന്നു. ഓരോ ആഴ്ചയിലും കൂടുതൽ സ്കോർ നേടുന്ന ക്ലാസിന് അഭിനന്ദനവും സമ്മാനവും. | June to Feb | All Students & Trs | All classes |
| 5. | ശാസ്ത്രപ്രതിഭകളെ അറിയുന്നതിന് | ശാസ്ത്രപ്രതിഭകൾ-ജീവിതം: Assemblyയിൽ ശാസ്ത്രക്ലബ്ബിന്റെ നേതൃത്വത്തിൽ ശാസ്ത്രപ്രതിഭയെ പരിചയപ്പെടുത്തുന്നു. പ്രദർശിപ്പിക്കുന്നു. പതിപ്പാക്കുന്നു. | July to March | Science club Convinor | School Assembly. |

## സാമൂഹ്യശാസ്ത്രം

### ലക്ഷ്യങ്ങൾ

→ സമൂഹത്തെ അറിയുന്നതിനും ഭൂമിയെ അറിയുന്നതിനും കഴിവും മനോഭാവവും വളർത്തുക

→ IT സാധ്യത പ്രയോജനപ്പെടുത്തുക.

→ ശരിയായ മൂല്യങ്ങളും മനോഭാവവും വളർത്തുക.

→ കുട്ടികളിൽ പരസ്പരാശ്രയത്വത്തിന്റെയും സൗഹൃദത്തിന്റെയും മനോഭാവം വളർത്തുക.

→ പാരിസ്ഥിതിക അവബോധം വളർത്തുക.

### പ്രവർത്തനങ്ങൾ

→ ഞാൻ പ്രാസംഗികൻ

→ SS club

→ പ്ലാസ്റ്റിക് മുക്തഗ്രാമം

→ Learn & Earn

→ ICT സാധ്യത

→ Album തയ്യാറാക്കൽ.

→ മാസ് ഡ്രിൽ

→ അന്വേഷികളുടെ നേട്ടം.

→ അവാർഡ് നൽകും വിദ്യാലയം.

| Sl No | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണാ സംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|---|
| 1 | സമൂഹത്തെ അറിയുന്നതിനുള്ള കഴിവും മനോഭാവവും വളർത്തുക | SS ക്ലബ്ബ്: ക്ലബ്ബ് അംഗങ്ങളുടെ നേതൃത്വത്തിൽ വ്യക്തിത്വ വികസന ക്ലാസ്സുകൾ, ദിനാചരണങ്ങൾ ഇവ സംഘടിപ്പിക്കൽ | June to March | PTA | School Assembly |
| 2. | ഞാൻ പ്രാസംഗികൻ ആയി മാറുന്നു. | ഞാൻ പ്രാസംഗികൻ- എല്ലാ തിങ്കളാഴ്ചയും വിഷയം എഴുതി പ്രദർശന ബോർഡിൽ പ്രദർശിപ്പിക്കുന്നു. പ്രസംഗ ബുക്കിൽ എഴുതുന്നു. ക്ലാസ് തല അവതരണത്തിലെ മികച്ചവ School തലത്തിൽ അവതരിപ്പിക്കുന്നു. (Mon) 2 മാസത്തിലൊരിക്കൽ വിഷയം നറുക്കിട്ട് നൽകി മത്സരം സംഘടിപ്പിക്കുന്നു. സമ്മാനം നൽകുന്നു. | June to March | SS club Convinor & Parents & Trs | School Assembly |
| 3 | പാരിസ്ഥിതിക അവബോധം വളർത്തുക | പ്ലാസ്റ്റിക് വിമുക്ത ഗ്രാമം: പ്ലാസ്റ്റിക് വിമുക്ത സംബന്ധമായ സർവ്വേ ചോദ്യാവലികളുമായി കുട്ടികളുടെ ഗൃഹസന്ദർശനം. | July to Feb | All Trs | |
| 4 | അന്വേഷിക്കൂ.... ... നേടൂ... | പൊതുവിജ്ഞാന ചോദ്യങ്ങൾ വെള്ളിയാഴ്ച വാർത്താ ബോർഡിൽ പ്രദർശിപ്പിക്കുന്നു. തിങ്കളാഴ്ച ശരിയുത്തരം നറുക്കെടുത്ത് സമ്മാനം നൽകുന്നു. | June to March | SS club Convinor | School Assembly |

| | | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണാ സംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|---|
| 5 | ശരിയായ മൂല്യങ്ങളും മനോഭാവവും വളർത്തു | <u>Learn & Earn പദ്ധതി</u><br>SS club ന്റെ നേതൃത്വത്തിൽ സ്വാശ്രയ ഉത്പന്ന പരിശീലനം നൽകും | July to Feb | PTA<br>SRG | School & House. |
| 6 | ചരിത്രം അറിയുന്നതിന് | <u>വ്യക്തിഗത ആൽബം:</u> SS club അംഗങ്ങളുടെ നേതൃത്വത്തിൽ ചരിത്രകാരന്മാർ, ചരിത്രസംഭവങ്ങൾ, സ്മാരകങ്ങൾ ഇവ ശേഖരിച്ച് Album തയ്യാറാക്കും, പ്രദർശിപ്പിക്കും. സമ്മാനം.. | | | |
| 7. | IT സാധ്യത അറിയുന്നതിന് | നെറ്റിൽ നിന്ന് വിവരശേഖരണത്തി നാവശ്യ പഠനോപാദവങ്ങൾ ഉൾക്കൊള്ളിച്ചു പരിശീലനം നൽകുന്നു. | | | |
| 8 | പാരിസ്ഥിതിക അവബോധം വളർത്തുന്നതിന് | <u>അവാർഡു നൽകും വിദ്യാലയം:</u><br>കൃത്യമായ മാനദണ്ഡങ്ങൾക്കനുസരിച്ച് "ഏറ്റവും നല്ല വീട്" കണ്ടെത്തി Award നൽകൽ. | July to March | PTA<br>SRG<br>Panchayath. | |

# Academic Master Plan

# ARABIC

GLPS Manalakom

2025-26

# خطة

# التّرئيسيّة

# الأكاديميّة

# ٢٠٢٥-٢٦

# ലക്ഷ്യങ്ങൾ

1) അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തുരീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ് ഉണ്ടാക്കിയെടുക്കാൻ
2) ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന, പദ നിർമ്മാണം, പദശേഖരണം എന്നിവ പരിശീലിപ്പിക്കാൻ
3) ഉപചാര വാക്കുകൾ മനസ്സിലാക്കാൻ കൂടാതെ ജീവിതത്തിൽ പരിശീലിക്കാൻ
4) കഥ, കവിത എന്നിവ കേട്ട് ആസ്വദിക്കാൻ
5) മാഗസിൻ നിർമ്മിക്കാൻ
6) ദിനാചരണങ്ങൾ പരിചയപ്പെടാൻ

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലേയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ പിന്തുണ ഉറപ്പാക്കുന്ന രീതികൾ | നിർവ്വഹണ കാലയളവ് |
|---|---|---|---|---|---|
| 1. അക്ഷരവായന<br>• എഴുത്തുരീതി<br>• ചിഹ്നങ്ങൾ ചേർത്തുവായന | 1. അക്ഷര കാർഡുകൾ നൽകുന്നു<br>2. അക്ഷരങ്ങൾക്ക് നിറം നൽകുന്നു<br>3. ഉച്ചാരശുദ്ധിയോടെയുള്ള വായനാ പരിശീലനം<br>4. അക്ഷരങ്ങൾക്ക് ഒറ്റക്രമത്തിൽ നൽകി എഴുതാൻ പരിശീലിപ്പിക്കൽ<br>5. ICT ഉപയോഗം | 1. തെറ്റായ രീതിയിൽ നൽകി കുട്ടി അക്ഷരങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് പരിശോധിക്കുന്നു.<br>2. രക്ഷിതാവിന്റെ സഹായത്താൽ കുട്ടിയെ പരിശീലിപ്പിക്കുന്നു.<br>3. അക്ഷരപഠന സഹായി ഉപയോഗിക്കുന്നു. | 1. കുട്ടികൾ വായിക്കുന്നു ഉച്ചാരണശുദ്ധി ഉണ്ടാകുന്നു.<br>2. ചിഹ്നങ്ങൾ തിരിച്ചറിയുന്നു | CPTA | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് |
| 2. പാഠനിർമ്മാണം<br>പാഠശേഖരണം | 1. അക്ഷരകാർഡുകൾ നൽകി പാഠനിർമ്മിക്കൽ<br>2. പാഠപുസ്തക | 1. രക്ഷിതാവിന്റെ സഹായത്തോടെ പരിശീലിപ്പിക്കുന്നു. | | | |

| | | | | | |
|---|---|---|---|---|---|
| | ങ്ങൾക്ക് പുറമെ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരം നൽകൽ 3. പദനിർമാണ മത്സരങ്ങൾ നടത്തൽ. | ഒഴിവ് വേളകളിൽ അധിക പ്രവർത്തനങ്ങൾ നൽകുന്നു | | CPTA | ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |
| 3. ഉപചാര വാക്കുകൾ മനസ്സിലാക്കൽ | 1. പാഠപുസ്തകത്തിലെ ഉപചാര വാക്കുകൾ മനസ്സിലാക്കൽ കൂടാതെ അവ നിത്യേന ക്ലാസ്സിൽ സന്ദർഭങ്ങൾക്കനുസരിച്ച് ഉപയോഗിക്കൽ | വീടുകളിലും സന്ദർഭത്തിനനുസരിച്ച് പറഞ്ഞ് ശീലിക്കൽ. | സന്ദർഭങ്ങൾക്കനുസരിച്ച് കുട്ടി ഉപചാര വാക്കുകൾ ഉപയോഗിക്കുന്നു. | CPTA | സെപ്റ്റംബർ ഒക്ടോബർ നവംബർ |
| 4. കഥ, കവിത എന്നിവയുടെ ആസ്വാദനം | ചെറിയ കഥകൾ, കവിതകൾ എന്നിവ വായിച്ച് ക്ലാസ്സിൽ അവതരിപ്പിക്കൽ | ചെറിയ കഥ, കവിത ബുക്കുകൾ നൽകി രക്ഷിതാവിന്റെ സഹായത്തോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു | | CPTA | ഡിസംബർ മാർച്ച് |

| | | | | | |
|---|---|---|---|---|---|
| 5. മാഗസിൻ നിർമ്മാണം | കഥ, കവിത, ചിത്രങ്ങൾ, അറിയിപ്പുകൾ എന്നിവ കുട്ടികളിൽ നിന്നും ശേഖരിക്കുന്നു | കുട്ടികൾ ചെയ്യുന്ന എല്ലാ വർക്കുകളും ശേഖരിച്ചു വെക്കാൻ | ചിത്രങ്ങൾ, പടങ്ങൾ, ഉപചാര വാക്കുകൾ, കഥ, കവിത ഇവയെല്ലാം ശേഖരിച്ച് മാഗസിൻ നിർമ്മാണം | CPTA | ഡിസംബർ മാർച്ച് |
| ദിനാചരണങ്ങൾ പരിചയപ്പെടൽ | ഓരോ ദിനാചരണത്തിന്റേയും ഭാഗമായി അസംബ്ലിയിലൂടെ പ്ലക്കാർഡുകൾ നിർമ്മിക്കുന്നു. | രക്ഷിതാവിന്റെ സഹായത്തോടെ ചിത്രങ്ങൾ വരയ്ക്കുന്നതിനുള്ള സഹായം തേടുന്നു | | | ജൂൺ മാർച്ച് |